# CHIRAYINKEEZHU THALUK WELFARE ASSOCIATION

26.06.2006

പ്രിയ സുഹൃത്തേ,

ചിറയിൻകീഴ് വെൽഫെയർ അസ്സോസിയേഷന്റെ നാലാമത് ഭരണസമിതി, ഇപ്പോൾ പ്രാബല്യത്തിലുള്ളതും ഇനി നടത്താനുദ്ദേശിക്കുന്നതുമായ കാര്യപരിപാടികൾ ചുവടെ ചേർത്തുകൊണ്ട് നിങ്ങളുടെ നിർദ്ദേശങ്ങളും സഹകരണവും അനുഗ്രഹവും അഭ്യർത്ഥിക്കുന്നു:

- നാട്ടിലേയ്ക്ക് മടങ്ങിപ്പോയ മെമ്പർമാരുടെ ക്ഷേമാന്വേഷണത്തിനായ് അവധിയിൽ പോകുന്ന അംഗങ്ങളെ ചുമതലപ്പെടുത്തി അയക്കുന്നു. കഴിഞ്ഞ 11 മാസമായ് എല്ലാ മലയാളമാസം ഒന്നാം തീയതിയും 100 രൂപ കൈനീട്ടം നൽകി ഈ സൗഹൃദസന്ദർശനം തുടരുന്നു.
- രോഗാതുരനായ് അബോധാവസ്ഥയിൽ അബുദാബിയിൽനിന്ന് പോയ ശ്രീ. വിനോദ് ഗോമസ്സിന് പ്രതിമാസം 2000 രൂപ വീതം കഴിഞ്ഞ മൂന്നുമാസമായ് കൊടുത്തുവരുന്നു. വരുന്ന ഒരു വർഷം കൊടുക്കുന്നതിനാവശ്യമായ തുകയുമായ് സഹൃദയരായ അംഗങ്ങൾ മുന്നോട്ട് വന്നിട്ടുണ്ടെന്നത് സന്തോഷത്തോടെ അറിയിക്കട്ടെ.
- മടങ്ങിപ്പോയവരും, പോകുന്നവരുമായ അംഗങ്ങളെ ആശുപത്രി ചിലവ് അലട്ടാതിരിക്കുവാൻ ഇൻഷ്വറൻസ് സംരക്ഷണം തരപ്പെടുത്തുവാൻ ആലോചിക്കുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി പിരിഞ്ഞുപോകുന്നവരും, അവധിയിൽ പോകുന്നവരുമായ അംഗങ്ങൾ ആ വിവരം കൃത്യമായും സെക്രട്ടറിയെ (050–4585466) അറിയിക്കുവാൻ താൽപ്പര്യപ്പെടുന്നു.

വാർഷിക കുടുംബസമ്മേളനം, ഓണം, ഈദ് ആഘോഷങ്ങൾ ഇവ ഒരുമിച്ച് 2006 ഒക്ടോബർ 27–ന് അജ്മാൻ BAYWATCH CLUB (നാലുകെട്ട്)–ൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കാര്യപരിപാടികളിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ശ്രീ. ഷംസുദ്ദീനെ –050–6445056– എന്ന നമ്പറിൽ സെപ്തംബർ 10–നു മുമ്പായി ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകുന്നേരം 5 മണിയോടെ അവസാനിക്കുന്ന ഈ സുഹൃദ്–സംഗമവേളയിൽ താങ്കളുടെ സകുടുംബസാന്നിദ്ധ്യം സാദരം അഭ്യർത്ഥിക്കുന്നു.

പ്രസ്തുത സമ്മേളനത്തിൽ S.S.L.C/C.B.S.E. (10th) പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുട്ടികളെ ആദരിക്കുന്നതിനുവേണ്ടി അംഗങ്ങളുടെ കുട്ടികളുടെ പരീക്ഷാഫലത്തിന്റെ പകർപ്പ് സെപ്തംബർ 25–നു മുമ്പ് ശ്രീ. രത്നാലയന്റെ (മൊബൈൽ: 7169815) പക്കലെത്തിക്കുവാൻ താൽപ്പര്യപ്പെടുന്നു.

<u>ആജീവനാന്ത അംഗത്വം</u>:

അംഗമായ ദിവസം മുതൽ (യു.എ.ഇ.–യിൽ ഉള്ള കാലത്തോളവും, മടങ്ങി നാട്ടിലെത്തിയാലും) മരണം വരെ 'സീവ'യുടെ സംരക്ഷണത്തിന് അർഹതയുണ്ടായിരിക്കും. ആജീവനാന്ത അംഗത്വ വരിസംഖ്യ 500 ദിർഹംസാണ്, എന്നാൽ നിലവിലുള്ള അംഗങ്ങൾ തങ്ങളിതുവരെ അടച്ച തുക കഴിച്ച് ബാക്കി അടച്ചാൽ മതിയാകും. ഈ ആനുകൂല്യം 2006 ഡിസംബർ 31 വരെ മാത്രം.

<u>പുതിയ ഭരണസമിതിയംഗങ്ങൾ</u>:

| | | |
|---|---|---|
| എം. രാധാകൃഷ്ണൻ | പ്രസിഡന്റ് | 050–4812280 |
| സുധാകര കുറുപ്പ് റ്റി.ജെ. | വൈസ് പ്രസിഡന്റ് | 050–6585165 |
| ശിവപ്രസാദ് എസ്. | വൈസ് പ്രസിഡന്റ് | 050–5296795 |
| കാറൽ മാർക്സ് എസ്. | ജനറൽ സെക്രട്ടറി | 050–4585466 |
| മനോഹരൻ | ജോയിന്റ് സെക്രട്ടറി | 050–6164911 |
| സുനിൽ കുമാർ എസ്.എൻ. | ജോയിന്റ് സെക്രട്ടറി | 050–6352029 |
| രമേശൻ എസ്. | ട്രഷറർ | 050–4537169 |
| വിനേഷ് ആർ. | ജോയിന്റ് ട്രഷറർ | 050–4991046 |
| സുന്ദരേശൻ പി. | ആഡിറ്റർ | 050–7649622 |

സ്നേഹപൂർവ്വം

എം. രാധാകൃഷ്ണൻ
പ്രസിഡന്റ്

കാറൽ മാർക്സ് എസ്.
ജനറൽ സെക്രട്ടറി

P.O.Box : 37106, Sharjah , U.A.E. Tel. : 050 - 5299858. Nokka Reg. : 7056 / Norka / Assn / U.A.E / 2003